Kerala Homestay and Tourism Society
Reg No. ER 99/08
*Registered under Travancore Cochin Charitable Soceities Act.*

To, 30-07-2014

Shri. Shake Pareeth IAS
Director
Kerala Tourism
Thiruvananthapuram

**വിഷയം: കേരളത്തിലെ ഹോംസ്റ്റേ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് അങ്ങയുടെ സാന്നിദ്ധ്യത്തിൽ Kerala Hats ന്റെ പ്രതിനിധികളെ ഉൾപ്പെടുത്തി യോഗം വിളിക്കുന്നത് സംബന്ധിച്ച്**

സർ,

സാധാരണ കുടുംബ ജീവിത്തിന് തടസ്സങ്ങൾ സൃഷ്ടിക്കാതെ ടൂറിസവുമായി ഇടപഴകി നടത്തിവരുന്ന ഒരു ഫാമിലി ബിസിനസ്സായ ഹോംസ്റ്റേ സംരംഭം/ഇന്ന് ഏറെ പ്രതിസന്ധികളെ നേരിടുകയാണ്. താഴെ പറയുന്ന ആവശ്യങ്ങൾ അങ്ങയുടെ പരിഗണനയിലേക്ക് സമർപ്പിക്കുന്നു.

## ആവശ്യങ്ങൾ

1) ഹോംസ്റ്റേ സംരംഭത്തിന് വ്യക്തമായ നിർവ്വചനം ടൂറിസം വകുപ്പ് തയ്യാറാക്കി കേരളത്തിലെ എല്ലാ വകുപ്പ് തലവന്മാർക്കും നൽകണം. പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണം, ധനകാര്യം, ആഭ്യന്തരം. ഹോംസ്റ്റേകളെ വ്യവസായമായിട്ട് ഇപ്പോൾ മറ്റ് വകുപ്പുകൾ നിർവ്വചിക്കുന്നതിനാൽ തദ്ദേശവകുപ്പുകൾ ഹോംസ്റ്റേകൾക്ക് വ്യവസായങ്ങൾക്ക് കൊടുക്കേണ്ട Tax ചുമത്തി വരുന്നത്. ഇത് വ്യക്തമായ നിർവചനത്തിന്റെ അഭാവം കൊണ്ടാണ്. Tax വകുപ്പ്, KWA തുടങ്ങി മറ്റ് എല്ലാ വകുപ്പുകളും ഹോംസ്റ്റേ വർഷം മുഴുവനും വരുമാനം ലഭിക്കുന്ന ഒരു ബിസിനസ്സായി കണക്കാക്കി ടാക്സ് ചുമത്തികൊണ്ടിരിക്കുന്നു.

2) Kerala Hats നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ടൂറിസം വകുപ്പ് ശക്തമായി ഇടപെട്ടതിനാൽ ഹോംസ്റ്റേകൾക്ക് KSEB ഏർപ്പെടുത്തിയിരുന്ന 7/A താരിഫ് ഗാർഹിക താരിഫാക്കി മാറ്റുവാൻ കഴിഞ്ഞു. ഈ തീരുമാനം Kerala Hats നന്ദിയോടെ സ്മരിക്കുന്നു.

3) ക്ലാസ്സിഫിക്കേഷനു DTPCകളിൽ അപേക്ഷകൾ കൊടുത്താൽ മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്നു. അപേക്ഷിച്ച് 1 മാസത്തിനകം ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.

4) ക്ലാസിഫിക്കേഷൻ 2 വർഷത്തിൽ ഒരിക്കൽ പുതുക്കുന്നത് 5 വർഷത്തിലൊരിക്കലാക്കണം.

5) ക്ലാസിഫിക്കേഷൻ പുതുക്കുന്ന ഫോർമാലിറ്റികൾ ലഘൂകരിക്കണം. അതത് DTPCകളിൽ നിന്നുതന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യണം. അപേക്ഷിച്ച് 15 ദിവസത്തിനകം പുതുക്കൽ സർട്ടിഫിക്കറ്റുകൾ DTPCകളിൽ നിന്നുതന്നെ സംരംഭർക്ക് നൽകാൻ ഉത്തരവിറക്കണം.

6) ഏതാണ് അംഗീകൃതം ഏതാണ് അനധികൃത ഹോംസ്റ്റേകൾ/സർവ്വീസ്ഡ് വില്ലകൾ എന്നു വ്യക്തമാക്കുന്ന ഉത്തരവ് ഇറക്കി, കേരള സംസ്ഥാനത്ത് ടൂറിസം ഇതര വകുപ്പുകൾക്കു നൽകണം. പ്രത്യേകിച്ച് ആഭ്യന്തരവകുപ്പിന്.

7) ക്ലാസിഫിക്കേഷൻ എടുക്കാതെ ഹോംസ്റ്റേ എന്ന ബോർഡ് വെച്ച് ബിസ്സിനസ്സ് നടത്തുന്നവർക്കെതിരെ നിയമപരമായ നടപടി എടുക്കാൻ ഉത്തരവിറക്കണം.

8) സംസ്ഥാനത്തെ എല്ലാ അനധികൃത ഹോംസ്റ്റേകളും അടച്ചുപൂട്ടാൻ പോലീസിന് നിർദ്ദേശം നൽകണം.

9) നിലവിൽ 1 മുറി മുതൽ 6 മുറി വരെയാണല്ലോ ? ഹോംസ്റ്റേകൾക്ക് നിശ്ചയിച്ചിരിക്കുന്ന റൂമുകളുടെ എണ്ണം. ഇതിനെ 2 സ്ലാബുകളായി തിരിക്കണം. 1 മുതൽ 3 വരെ ഒരു സ്ലാബും. 4 മുതൽ 6 വരെ മറ്റൊരു സ്ലാബുമാക്കണം. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 1 മുതൽ 3 വരെയുള്ള മുറികളോടുകൂടിയ ഹോംസ്റ്റേ നടത്തുന്നവർക്ക് എല്ലാ നികുതികളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണം. ഇത് നികുതി ഇതര സംരംഭമായി പ്രഖ്യാപിച്ച് മറ്റു സംസ്ഥാനങ്ങളെപ്പോലെ പ്രോത്സാഹിപ്പിക്കണം. 4 മുതൽ 6 വരെ ഏകനികുതി സമ്പ്രദായം നടപ്പിലാക്കണം.

10) സർക്കാർ അതിഥികൾക്ക് ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ലകളിൽ താമസിക്കുന്നതിന് ആവശ്യമായ ഉത്തരവ് നൽകണം.

11) ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല ക്ലാസ്സിഫിക്കേഷൻ ജില്ലാതല കമ്മിറ്റിയിൽ Kerala Home Stay and Toruism Societyയുടെ ഒരു പ്രതിനിധിയെ വീതം ഉൾപ്പെടുത്താൻ ഉത്തരവുണ്ടാകണം.

12) മാർക്കറ്റിങ്ങ് മെച്ചപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് പങ്കെടുക്കുന്ന വിദേശ/സ്വദേശ റോഡ് ഷോകളിൽ Kerala Hats നെ സൗജന്യമായി പങ്കെടുപ്പിക്കണം.

13) KWA ഇപ്പോൾ ചുമത്തിവരുന്ന വ്യവസായ നിരക്കിലുള്ള വെള്ളക്കരം ഗാർഹിക നിരക്കിലാക്കാൻ നടപടി സ്വീകരിക്കണം.

14) ഹോംസ്റ്റേകൾ ടൂറിസം വകുപ്പിൽ നിന്നും ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ വാങ്ങിയാൽ പിന്നെ മറ്റു വകുപ്പുകൾ വേറൊരു ലൈസൻസ് നൽകുന്നത് ഒഴിവാക്കണം (തദ്ദേശ സ്വയംഭരണ വകുപ്പ് ഇപ്പോൾ പ്രത്യേകം ലൈസൻസ് ചുമത്തിവരുന്നു)

15) ടൂറിസം ഡെസ്റ്റിനേഷനുകളിൽ സഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ തദ്ദേശസ്വയംഭരണവകുപ്പുകൾക്കു നിർദ്ദേശം നൽകണം.

16) മൂന്നാർ ഉൾപ്പെടെയുള്ള എല്ലാ ടൂറിസം സെന്ററുകളിലും അതത് പ്രദേശത്തിനു ഇണങ്ങുന്ന രീതിയിലും നിലവിലുള്ള കാലാവസ്ഥക്ക് വ്യതിയാനം വരാത്ത രീതിയിൽ മാത്രമേ കോൺക്രീറ്റ് ബഹുനില കെട്ടിടങ്ങൾ പണിയാൻ അനുവാദം കൊടുക്കാൻ പാടുള്ളു. ഇത്തരം മേഖലയിൽ ടൂറിസം വകുപ്പു നടത്തിയിട്ടുള്ള പരിസ്ഥിതി പഠനങ്ങൾ നടപ്പിലാക്കണം. പരിസ്ഥിതി സംരക്ഷിക്കാൻ മൂന്നാർ ഉൾപ്പെടെയുള്ള ടൂറിസം സെന്ററുകളിലെ പഞ്ചായത്തുകൾക്ക് കർശനനിർദ്ദേശം നൽകണം.

17) ഫോർട്ടുകൊച്ചി ടൂറിസം ഡെസ്റ്റിനേഷനിൽ ടൂറിസ്റ്റുകൾക്ക് കേരളീയ കലാപരിപാടികൾ സൗജന്യമായി ആസ്വദിക്കാൻ എറണാകുളം DTPCയുമായി യോജിച്ച് നടത്താൻ ആഗ്രഹിക്കുന്ന ഒരു പ്രൊജക്ട് DTPC ചെയർമാന് നൽകിയിരുന്നു. അത് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ അങ്ങ് സ്വീകരിക്കണം. പ്രൊജക്ടിന്റെ കോപ്പി വെയ്ക്കുന്നു.

എന്ന്, വിശ്വസ്തതയോടെ,

M. P. SIVADATHAN
DIRECTOR
KERALA HATS, MAVUNKAL
KUMBALANGHI P.O, COCHIN-7
www.homestaykerala.org
MOB : 9348253124